# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 611 **30.06.2016 - ൽ മറുപടിക്ക്**

## മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത്

**ചോദ്യം**
**ശ്രീ.പി.ടി.എ. റഹീം**

**മറുപടി**
**ശ്രീ. മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കൂളിമാട് പമ്പിംഗ് സ്റ്റേഷനിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എ) ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിനുവേണ്ടി, കോഴിക്കോട് പ്രോജക്ട് പ്ലാനിംഗ് & ഡിസൈൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ നിയോഗിച്ചിട്ടുണ്ട്. പരിധിയിൽപ്പെടാത്ത

(ബി) എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് പ്രോജക്ട് പ്ലാനിംഗ് & ഡിസൈൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്.

(സി) മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്, ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി) കുടിവെള്ളപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ആദ്യഘട്ടമെന്ന നിലയ്ക്ക് ജില്ലാതല യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

[signature]

സെക്ഷൻ ഓഫീസർ